(ബി) ഇങ്ങനെ പ്രത്യേക മേഖലയായി പ്രഖ്യാപിക്കുന്നത് വഴി കോവളത്ത് വിനോദസഞ്ചാര വികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദവിവരം വ്യക്തമാക്കാമോ;

(സി) കോവളം മുതൽ പൂവ്വാർ വരെയുള്ള പ്രദേശങ്ങളെ വിനോദസഞ്ചാര കേന്ദ്രത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുന്നതുവഴി കോവളം ടൂറിസം മേഖലയിലെ കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും നടപ്പാക്കുക. കോവളം ബീച്ചിന്റെയും പരിസര പ്രദേശങ്ങളുടേയും സംരക്ഷണത്തിനും പരിപാലനത്തിനും ഊന്നൽ നൽകുന്ന രീതിയിലായിരിക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുക. പ്രത്യേക ടൂറിസം മേഖലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഈയിടെ സംസ്ഥാന സർക്കാർ അംഗീകരിച്ച ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ ആക്ടിൽ വ്യവസ്ഥയുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ ടൂറിസം വികസനം

73 [384] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്ക് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനിഡാം ടൂറിസം വികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) വടക്കേച്ചിറ പുനരുദ്ധാരണം (41,81,400 രൂപ മതിപ്പ് ചെലവ്), കുത്തമ്പലം നിർമ്മാണം (84 ലക്ഷം രൂപ മതിപ്പ് ചെലവ്), മാർത്തോമാ പള്ളിയുടെ സംരക്ഷണം (69,98,000 രൂപ മതിപ്പ് ചെലവ്), ബ്ലങ്ങാട്-ചാവക്കാട് റോഡ്

LIBRARY ARCHIVES Kerala Legislative Assembly

വികസനം (44 ലക്ഷം രൂപ മതിപ്പ് ചെലവ്), കരുവന്നൂർ-ആറാട്ടുപുഴ റോഡ് (99 ലക്ഷം രൂപ മതിപ്പ് ചെലവ്), തുമ്പൂർമുഴി വികസനം (88,55,000 രൂപ മതിപ്പ് ചെലവ്), വിലങ്ങൻകുന്ന് വികസനം (25 ലക്ഷം രൂപ മതിപ്പ് ചെലവ്), പീച്ചി വികസനം (25 ലക്ഷം രൂപ മതിപ്പ് ചെലവ്), മാളയുടെ വികസനം (12,50,000 രൂപ മതിപ്പ് ചെലവ്), ചേറ്റുവയിൽ ഹൗസ് ബോട്ട് ടെർമിനൽ (53 ലക്ഷം രൂപ മതിപ്പ് ചെലവ്), ആതിരപ്പള്ളി വെള്ളച്ചാട്ട സൗന്ദര്യവൽക്കരണം (5 കോടി രൂപ മതിപ്പ് ചെലവ്), ഗുരുവായൂരിൽ ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ (21,55,000 രൂപ മതിപ്പ് ചെലവ്), തൃശ്ശൂർ മോഡൽ റോഡ് (3 കോടി രൂപ മതിപ്പ് ചെലവ്), പട്ടിക്കാട്-പീച്ചി റോഡ് (340 ലക്ഷം രൂപ മതിപ്പ് ചെലവ്) മുതലായ പദ്ധതികൾ ഈ സാമ്പത്തിക വർഷം ഉദ്ദേശിക്കുന്നു. കൂടാതെ തെക്കിൻകാട് മൈതാനത്തിന്റെ സൗന്ദര്യ വൽക്കരണം, ഗുരുവായൂർ ആനക്കോട്ടയുടെ വികസനം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം സെന്ററുകളിൽ പേ ആന്റ് യൂസ് ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയും ഉൾപ്പെടുന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) വാഴാനി ഡാമിന്റെ വികസനത്തിന് ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് അനുയോജ്യമായ പദ്ധതികൾ സമർപ്പിക്കാൻ ഡി. റ്റി. പി. സി. യോട് ആവശ്യപ്പെടുന്നതാണ്.

കണ്ണൂർ ജില്ലയിലെ ടൂറിസം വികസനം

74 [385] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഏതെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണ്;

(ഡി) കണ്ണൂർ ജില്ലയിലെ ടൂറിസം വികസനം സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly